കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-2019


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-പി11-1114/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

തീയതി. 13.03.2020
ഫോൺ: 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1- ലെ എല്ലാ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേ1ണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-പി11-1114/2019 തീയതി: 13.03.2020

**ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

*(1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4) , 1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്*.)*

ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.10.2018മുതൽ 11.10.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | കെ.വി.സന്തോഷ് ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 14.10.2019 മുതൽ 28.10.2019 വരെ | ശ്രീ. വിജയകുമാർ.എൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ. കെ.എം.പ്രശോഭൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. എ.ഡി.ബീന, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. പ്രീത, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

1. പ്രസിഡന്റ്

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ.എം.ജി.രാജു | 01.04.2018 മുതൽ 31.03.2019 വരെ |

2. സെക്രട്ടറി

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ.ബി. എൻ. അംബീശൻ | 01.04.2018 മുതൽ 05.07.2018 വരെ<br>16.07.2018 മുതൽ 31.03.2019 വരെ |
| 2 | ശ്രീ.എസ്.ഗോപാലകൃഷ്ണൻ<br>അസിസ്റ്റന്റ് സെക്രട്ടറി (ചാർജ്) | 06.07.2018 മുതൽ 15.07.2018വരെ |

സി).സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാരുടെ പേര് വിവരം

| ക്രമ നം. | പേര് | സ്റ്റാന്റിംഗ് കമ്മറ്റി | കാലയളവ് |
|---|---|---|---|
| 1 | ശ്രീമതി പി. ലളിത | ധനകാര്യം | 01.04.2018 മുതൽ 31.03.2019 വരെ |
| 2 | ശ്രീ. വി. പ്രസന്നൻ | വികസനകാര്യം | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | ശ്രീ. അക്ബർ. പി | ആരോഗ്യ വിദ്യാഭ്യാസം | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | ശ്രീമതി ലജിത തിലകൻ | ക്ഷേമകാര്യം | 01.04.2018 മുതൽ 31.03.2019 വരെ |

3. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| ക്രമ നം. | | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ബിന്ദു. റ്റി. എം | 01.04.2018 മുതൽ 31.03.2019 വരെ |
| 2 | കൃഷി ഓഫീസർ | ശ്രീമതി അനിത | 01.04.2018 മുതൽ 05.08.2018 വരെ |
| | | ശ്രീമതി ആൻസി.എസ് | 06.08.2018 മുതൽ 31.03.2019 വരെ |
| 3 | വെറ്ററിനറി സർജൻ | ഡോ. വിമൽ സേവ്യർ | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി രശ്മി മാനുവൽ | 01.04.2018 മുതൽ 31.03.2019 വരെ |
| 5 | വി.ഇ.ഒ, മായിത്തറ | ശ്രീ. എസ്. ജലീൽ | 01.04.2018 മുതൽ 26.07.2018 വരെ |
| | | ശ്രീ.രഞ്ജിത്ത് | 27.07.2018 മുതൽ 04.10.2018 വരെ |

| | | | |
|---|---|---|---|
| | | (ഇൻചാർജ്ജ്) | |
| | | ശ്രീ. അജേഷ് കുമാർ | 05.10.2018 മുതൽ 31.03.2019 വരെ |
| 6 | വി.ഇ.ഒ, കഞ്ഞിക്കുഴി | ശ്രീ. രഞ്ജിത്ത്. കെ | 01.04.2018 മുതൽ 31.03.2019 വരെ |
| 7 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. സജില. എസ്. പിള്ള | 01.04.2018 മുതൽ 31.03.2019 വരെ |
| 8 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ലിന്റാ സാമുവൽ | 01.04.2018 മുതൽ 31.03.2019 വരെ |
| 9 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ഷീബ റാണി | 01.04.2018 മുതൽ 31.03.2019 വരെ |
| 10 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ഷാലിമോൾ. എ | 01.04.2018 മുതൽ 31.03.2019 വരെ |
| 11 | ഹെഡ്മിസ്ട്രസ്സ് | ശ്രീമതി പുഷ്പലത.കെ (ഇൻ ചാർജ്ജ്) | 01.04.2018 മുതൽ 15.05.2018 വരെ |
| | | ശ്രീമതി ശ്രീലത.എസ് | 16.05.2018 മുതൽ 31.03.2019 വരെ |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി കെ. ജയകല | 01.04.2018 മുതൽ 20.06.2018 FN വരെ |
| | | ശ്രീ. എസ്.ഗോപാലകൃഷ്ണൻ | 20.06.2018 AN മുതൽ 31.03.2019 വരെ |

**<u>ഉള്ളടക്കം</u>**


| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| | | **ഭാഗം – 1** |
| 2 | 1-1 മുതൽ 1-10 വരെ | ബജറ്റ് |
| 3 | 1-11 | തൊഴിൽ നികുതി -ഡിമാന്റ് ചെയ്യിട്ടില്ല |
| 4 | 1-12 | വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കുമുള്ള ലൈസൻസ് – അപാകതകൾ |
| 5 | 1-13 | ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നുള്ള ടെണ്ടർ ഫീസ് ഈടാക്കിയത് തനത്ഫണ്ടിൽ വരവു വെച്ചില്ല |
| 6 | 1-14 | കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല |
| 7 | 1-15 | പദ്ധതി നിർവ്വഹണത്തിൽ വീഴ്ച –49.28 ലക്ഷം ചെലവഴിച്ചില്ല |
| 8 | 1-16 | റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെയുള്ള റോഡ് വികസന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നില്ല |
| 9 | 1-17 | ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് (എസ്.സി) പഠനമുറിക്ക് ആവശ്യമായ കമ്പ്യൂട്ടർ നൽകൽ- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ ചെലവ് |
| 10 | 1-18 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 11 | 1-19 | മരുന്നിനും മെഡിക്കൽ ഉപകരണങ്ങൾക്കുമായി പണം നൽകിയെങ്കിലും ഇവ |

| | | |
|---|---|---|
| | | ലഭിച്ചില്ല |
| 12 | 1-20 | മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല |
| 13 | 1-21 | നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽനിന്നും നിയമാനുസൃത പിഴ ഈടാക്കാത്തതു മൂലം അധികച്ചെലവ് |
| 14 | 1-22 | വാട്ടർ അതോറിറ്റിക്ക് കുടിവെള്ളകരം അടവാക്കൽ -യഥാസമയം തുക അടയ്ക്കാത്തതിനാൽ പിഴ ചുമത്തി |
| 15 | 1-23 | NREGS വർക്കുകളുമായി ബന്ധപ്പെട്ട് മെറ്റീരിയൽസ് സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും GST ഈടാക്കിയില്ല. |
| 16 | 1-24 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:- |
| 17 | 1-25 | തെരുവ് വിളക്കുകളുടെ പ്രവർത്തനം- പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല |
| 18 | 1-26 | പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ - സർക്കാർ ഉത്തരവ് പാലിക്കാതെ തുക ചെലവഴിക്കുന്നു |
| 19 | 1-27 | തെരുവ് വിളക്ക് സ്ഥാപിക്കൽ & അറ്റകുറ്റപ്പണി - പദ്ധതി നടത്തിപ്പിൽ അപാകതകൾ |
| 20 | 1-28 | പഞ്ചായത്ത് കമ്യൂണിറ്റി ഹാളിലേക്ക് ഉപകരണങ്ങൾ പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ |
| 21 | 1-29 | ജനകീയ ജൈവ ഹരിത സമൃദ്ധി പദ്ധതി - നടീൽ വസ്തുക്കളുടെ വിതരണ വിവരം കൃത്യമല്ല |
| 22 | 1-30 | പഞ്ഞപ്പുൽകൃഷി - വിത്ത് വിതരണം കൃത്യമല്ല |
| 23 | 1-31 | നാളികേര കൃഷി വികസനം - രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു |
| 24 | 1-32 | പൂകൃഷിയ്ക്ക് സഹായം - വിതരണം സുതാര്യമല്ല |
| 25 | 1-33 | പൊതുമരാമത്ത് പ്രവൃത്തികൾ- ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുള്ള തുകകൾ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ അടയ്ക്കുന്നില്ല. |
| 26 | 1-34 | ഹരിത കർമ്മസേന വയബിലിറ്റി ഗ്യാപ് ഫണ്ട് (പ്രോജക്ട് നം. S054/19)ആവശ്യമായ മുന്നൊരുക്കങ്ങളില്ലാതെ പ്രോജക്ട് ആരംഭിച്ചു |
| 27 | 1-35 | അംഗൻ വാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ |
| ഭാഗം – 2 | | |
| ഇല്ല | | |
| ഭാഗം – 3 | | |
| 28 | 3-1 | ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് (എസ്.സി) പഠനമുറിക്ക് ആവശ്യമായ കമ്പ്യൂട്ടർ നൽകൽ - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ ചെലവ് |
| ഭാഗം – 4 | | |
| 29 | 4-1 മുതൽ 4-11 വരെ | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 30 | അനുബന്ധം.1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 31 | അനുബന്ധം.2 | |

# <u>ഭാഗം -1</u>

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 24.3.2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 178064450 | 175855353 |

**ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിച്ചില്ല**

ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാ നിർവ്വഹണം തൃപ്തികരമല്ല എന്ന് മിനിറ്റ്സ് പരിശോധനയിൽ വ്യക്തമാകുന്നു. 2018-19 ലെ ബജറ്റ് തയ്യാറാക്കലിൽ നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർക്കുകയോ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്തതിന്റെ വിവരങ്ങൾ മിനിറ്റ്സിലില്ല.
2. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടില്ല.
3. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതായി കാണുന്നില്ല.
4. പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നടത്തിയിട്ടില്ല.
5. ബജറ്റ് ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

നിയമാനുസൃത നടപടി ക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കിയിട്ടുള്ളതിനാൽ ബജറ്റു പ്രകാരം കണക്കാക്കിയിരുന്ന വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ ഭീമമായ അന്തരം ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിലെ വരവു ചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവ് ചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 08.05.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നം./തീയതി | പരാമർശം |
|---|---|---|
| 2018-19 | കെ.എസ്.എ-എ.എൽ.പി./പി.11/499/18.6.19 | വിശേഷണങ്ങളോടു കൂടിയത് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11215937 |
| വരവ് | 158855462 |
| ആകെ | 170071399 |
| ചെലവ് | 140429471 |
| നീക്കിയിരിപ്പ് | 29641928 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR) | | 19614000 | 19614000 | 18779818 | 834182 |
| വികസന ഫണ്ട്-എസ്.സി.പി (ACR) | | 4115000 | 4115000 | 4115000 | -- |
| വികസന ഫണ്ട്-ടി.എസ്.പി (ACR) | | 331000 | 331000 | 331000 | -- |
| മെയിന്റനൻസ്, റോഡ് (ACR) | | 6841000 | 6841000 | 5947142 | 893858 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR) | | 4039000 | 4039000 | 3300630 | 738370 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR) | | 11201093 | 11201093 | 8739486 | 2461607 |
| ജോയിന്റ് വെഞ്ച്വർ-ബ്ളോക്ക് പഞ്ചായത്ത് | | 9138655 | 9138655 | 7334996 | 1803659 |
| ജോയിന്റ് വെഞ്ച്വർ- ജില്ലാ പഞ്ചായത്ത് | | 8194167 | 8194167 | 6050534 | 2143633 |
| സാക്ഷരത | 14042 | 567 | 14609 | -- | 14609 |
| എം.ജി.എൻ.ആർ. ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 866676 | 886613 | 1753289 | 1747392 | 5897 |
| ഇ.എഫ്.എം.എസ് | | 143476693 | 143476693 | 143476693 | -- |
| ബി ഫണ്ട് | | 1692520 | 1692520 | 1692520 | -- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ICDS | 765200 | 452950 | 1218150 | 800000 | 418150 |
| പൈക്ക | 23986 | 1056 | 25042 | 205 | 24837 |
| സമ്പൂർണ്ണ ശുചിത്വം | 1684709 | 875571 | 2560280 | 558586 | 2001694 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 160 | 197392886 | 113 | 117452163 | 4 | 43 | 70.62 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1124520 | 1198 |
| കർഷകതൊഴിലാളി പെൻഷൻ | 4704800 | 1542 |
| വിധവാപെൻഷൻ | 11304300 | 3794 |
| വാർദ്ധക്യകാലപെൻഷൻ | 29008300 | 11577 |
| വികലാംഗപെൻഷൻ | 5635600 | 1801 |
| വിവാഹധനസഹായം | 540000 | 18 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 989400 | 321 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.10.2019ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1865/- രൂപ ക്യാഷ് ബാലൻസിന്റെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടില്ല.
2. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.
3. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
4. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.
5. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
6. ലക്ഷങ്ങൾ മുടക്കി വാങ്ങുന്ന ഇലക്ട്രിക് ഉപകരണങ്ങൾ കരാറുകാർക്ക് കൈമാറുന്നുവെങ്കിലും ആയത് യഥാവിധി സ്ഥാപിക്കപ്പെടുന്നുണ്ടോ എന്നത് പരിശോധിക്കുന്നതിൽ വീഴ്ച വരുത്തുന്നു. ഇതുസംബന്ധമായ രജിസ്റ്ററുകളുടെ പരിപാലനത്തിലും വീഴ്ചയുണ്ട്.

7. ഡെപ്പോസിറ്റ് വർക്കുകൾക്കായി തൻവർഷം വൻതുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതികൾ യഥാസമയം നിർവ്വഹിക്കപ്പെടുന്നുവെന്നത് ഉറപ്പാക്കുന്നില്ല.
8. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
9. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.
10. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.
11. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.
12. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

### 1-10 <u>മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30.09.2019 | ആഗസ്റ്റ് 2019 | 16.10.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.09.2016 – 23.09.2016 | 2014-15 | 27.10.2016 |

## 1-11 തൊഴിൽ നികുതി -ഡിമാന്റ് ചെയ്തിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 9 കള്ളുഷാപ്പുകളിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതിയും, സ്ഥാപനത്തിന്റെ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കുമുള്ള ലൈസൻസ് - അപാകതകൾ

വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കുമുള്ള ലൈസൻസ് നൽകുന്നതു സംബന്ധിച്ച ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകളും അവയുടെ ലൈസൻസും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സെക്രട്ടറി നൽകിയ മറുപടിയിൽ 9 കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവയൊന്നും ലൈസൻസ് എടുത്തിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം ചട്ടം അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന

സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്. തൻവർഷം ലൈസൻസ് എടുക്കാതെ നിയമവിരുദ്ധമായി പ്രവർത്തിച്ചിട്ടുള്ള സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ സ്ഥാപനങ്ങളും നിയമാനുസൃതം ലൈസൻസ് എടുക്കുന്നുവെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-13 ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നുള്ള ടെണ്ടർ ഫീസ് ഈടാക്കിയത് തനത്ഫണ്ടിൽ വരവു വെച്ചില്ല

2018-2019 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത 36 മരാമത്ത് പ്രവർത്തികളുടെ ടെണ്ടർഫീസ് ഇനത്തിൽ ലഭിച്ച 67826/- രൂപ ജില്ലാപഞ്ചാത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്തിരുന്നു. എന്നാൽ ടി തുക നാളിതുവരെ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ തിരികെ ലഭിച്ചിട്ടില്ല. ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ച പ്രസ്തുത തുക പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിൽ വരവു വെച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല

കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്ട്, 1996 പ്രകാരം മരാമത്തു പ്രവൃത്തികളുടെ ബില്ലിൽ കിഴിവ് വരുത്തുന്ന നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതത്തിലെ തുകയുടെ 1% തുക തദ്ദേശ സ്ഥാപനത്തിന് കളക്ഷൻ ചാർജ്ജായി ലഭിക്കുന്നതാണ്. എന്നാൽ ടി ഇനത്തിലുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 12/24.10.18) അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ തൻവർഷം 196659/-രൂപ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമായി ഒടുക്കിയിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ഒടുക്കിയ തുകയിൽ നിന്നും കളക്ഷൻ ചാർജ്ജ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-15 പദ്ധതി നിർവ്വഹണത്തിൽ വീഴ്ച –49.28 ലക്ഷം ചെലവഴിച്ചില്ല

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വിവിധ ഇനങ്ങളിലുള്ള പദ്ധതി വിഹിതമായി ആകെ 4.61 കോടി രൂപ ലഭിച്ചിരുന്നു. എന്നാൽ 4.42 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. ഏറ്റെടുത്ത പദ്ധതികളിൽ 70.62% മാത്രമാണ് തൻവർഷം പൂർത്തിയാക്കിയത്. തൻമൂലം ബാക്കി 49.28 ലക്ഷം രൂപ നഷ്ടമായി. വിശദാംശം ചുവടെ.

| ഇനം | അലോട്ട് ചെയ്ത തുക | ചെലവഴിച്ച തുക | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട് - പൊതു വിഭാഗം | 19614000 | 18779818 | 834182 |
| വികസന ഫണ്ട് - SCP | 4115000 | 4115000 | -- |
| വികസന ഫണ്ട് - TSP | 331000 | 331000 | -- |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 6841000 | 5947142 | 893858 |
| | | | |

| | | | |
|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 4039000 | 3300630 | 738370 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ~~11201093~~ | ~~8739486~~ | ~~2461607~~ |
| **ആകെ** | **46141093** | **41213076** | **4928017** |

ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ ലഭ്യമായ തുക യഥാസമയം ചെലവഴിക്കാൻ കഴിയാതിരുന്നത് പദ്ധതിനിർവ്വഹണത്തിലെ വീഴ്ചയാണ്. വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെയുള്ള റോഡ് വികസന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 04.02.2011-ലെ സ.ഉ(എസ്സം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്ററും, റോഡ് രജിസ്റ്ററും കൃത്യമായി പരിപാലിക്കുന്നതിലും ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു. ആസ്തി രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാലും കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാത്തതിനാലും ഓരോ വർഷവും ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന റോഡുവർക്കുകളുടെ കൃത്യമായ വിവരം ബന്ധപ്പെട്ട സ്ഥാപനത്തിൽ ലഭ്യമല്ലാത്ത അവസ്ഥ സംജാതമാകുന്നു. കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ തുടങ്ങുന്നതും അവസാനിക്കുന്നതുമായ റോഡുകൾ, ഗ്രാമപഞ്ചായത്തിലൂടെ കടന്നു പോകുന്ന ബ്ലോക്ക്, ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ എന്നിവ വ്യക്തമായി തിരിച്ചറിയാൻ കഴിയാതെയും വരുന്നു. ഇത് ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകങ്ങൾക്ക് കാരണമാകുന്നു. ഇതോടൊപ്പം ഗ്രാമപഞ്ചായത്തുകളിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന വർക്കുകളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താതെ/അപ്ഡേറ്റ് ചെയ്യപ്പെടാതെയും പോകുന്നു. ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകളുടെ നിർമ്മാണ/പരിപാലന പ്രവർത്തനങ്ങൾ പൂർണ്ണമായി ഏറ്റെടുക്കാതെ റോഡിന്റെ വിവിധ ഭാഗങ്ങൾ വ്യത്യസ്ത വർഷങ്ങളിൽ ഏറ്റെടുത്ത് നടപ്പാക്കുന്ന പ്രവണതയാണ് തുടർന്നു പോരുന്നത്. ഇപ്രകാരം നടപ്പാക്കുന്ന പ്രവൃത്തികളിൽ ചെയിനേജുകൾ രേഖപ്പെടുത്താതെ പ്രവൃത്തി തുടങ്ങുന്നതും അവസാനിക്കുന്നതുമായ സ്ഥലങ്ങളെ അടിസ്ഥാനപ്പെടുത്തി റോഡിന് പേരു നൽകുകയും ചെലവു പത്രികയിൽ ഇതു പ്രകാരമുള്ള രേഖപ്പെടുത്തലുകൾ വരുത്തുകയുമാണ് ചെയ്യുന്നത്. ഇത് മൂലം ഓരോ വർഷവും നടപ്പാക്കുന്ന വർക്കുകളുടെ വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പാക്കാൻ കഴിയാതെ വരുന്നു.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പുകളിലോ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ ഇതുമായി ബന്ധപ്പെട്ട ആവശ്യമുന്നയിക്കുകയോ, ചർച്ചകൾ നടത്തുകയോ ചെയ്തിട്ടില്ല. റോഡ് നിർമ്മാണ / മെയിന്റനൻസ് പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആയിരിക്കേണ്ടതാണ്. ടി വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് (എസ്.സി) പഠനമുറിക്ക് ആവശ്യമായ കമ്പ്യൂട്ടർ നൽകൽ-

# മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ ചെലവ്

പ്രോജക്ട് നം. - S0145/19 (സ്പിൽ ഓവർ)

പ്രോജക്ടിന്റെ പേര് -ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് (എസ്.സി) പഠനമുറിക്ക് ആവശ്യമായ കമ്പ്യൂട്ടർ നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി

വികസനഫണ്ട്(എസ്.സി.പി) - 27000

ചെലവ് വിവരം - 1) ബിൽ നം. 3/31.5.18 തുക. 27000/-

ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ വാങ്ങൽ എന്ന പദ്ധതിയ്ക്കായി Alfanet Systems എന്ന സ്ഥാപനം സമർപ്പിച്ച ക്വട്ടേഷൻ 9.3.18 ലെ II(4) നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ACER കമ്പ്യൂട്ടറിന് ടാക്സടക്കം നിശ്ചയിച്ച വിലയായ 27000/- രൂപയ്ക്ക് ഒരു കമ്പ്യൂട്ടർ വാങ്ങി രാജു, ബംഗ്ലാന്തറ എന്ന ഗുണഭോക്താവിന്റെ ഒൻപതാം ക്ലാസ്സിൽ പഠിക്കുന്ന മകൾക്ക് നൽകി.

സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 22/2018 ത.സ്വ.ഭ.വ 14.2.18, 7.2.8 പ്രകാരം, ബിരുദം, ബിരുദാനന്തരബിരുദം, പോളിടെക്നിക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തരബിരുദം) എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് (സ്ഥാപനമേധാവി യുടെ സാക്ഷ്യപത്രം ഹാജരാക്കണം) 30,000/- രൂപയിൽ അധികരിക്കാത്ത വിലയുള്ള ലാപ്ടോപ്/കമ്പ്യൂട്ടറുകൾ ഗ്രാമ/നഗര/ഭരണ സ്ഥാപനങ്ങൾക്ക് വാങ്ങി നൽകാവുന്നതാണ്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം, ഹൈസ്കൂൾ വിദ്യാർത്ഥിക്കാണ് ഈ ആനുകൂല്യം നൽകിയത്. ഇത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/26.10.19), 2017-18 വർഷം, പഠനമുറി അനുവദിച്ച എസ്.സി.വിഭാഗത്തിൽപ്പെട്ട കുട്ടിയ്ക്കാണ് ആനുകൂല്യം നൽകിയത് എന്ന് മറുപടി ലഭ്യമാക്കി. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കിയതിലൂടെ ചെലവഴിച്ച 27,000/-രൂപ അനുവദനീയമല്ല. തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# 1-18 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകളുമായി ബന്ധപ്പെട്ട് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

**a. <u>തെരുവ് വിളക്ക് വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ S 036/19</u>**

ഇതിനായി ധനകാര്യകമ്മീഷൻ അവാർഡ് 9,00,000/-രൂപ ബിൽ നം.28/26-12-2018 പ്രകാരവും, തനത് ഫണ്ട് 202503/-രൂപയും, ജില്ലാ പഞ്ചായത്ത് വിഹിതം 629003/-രൂപയും, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 5,00,000/-രൂപയും (22-3-19 ൽ KSEBയുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു) ഉൾപ്പെടെ 22,31,506/- രൂപ KSEB-യിൽ ഡെപ്പോസിറ്റ് ചെയ്തു. KSEB എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്കൽ ഡിവിഷൻ ചേർത്തലയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി കരാർ വച്ചിട്ടുണ്ടെങ്കിലും പൂർത്തീകരണ തീയതി കാണിച്ചിട്ടില്ല.

**<u>b.അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ S046/19</u>**

ബിൽ നം.18/30-10-2018 പ്രകാരം 3,21,000/- രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) രൂപ പിൻവലിച്ച് വാട്ടർ അതോറിറ്റിക്ക നൽകി. വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുമായി 14.01.2019-ൽ കരാർ വച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി ആരംഭിക്കേണ്ട തീയതിയോ പൂർത്തീകരണ തീയതിയോ കാണിച്ചിട്ടില്ല.

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ മുകളിൽ കാണിച്ചിട്ടുള്ള പ്രോജക്ടുകൾ പ്രകാരം ചെലവ് ചെയ്ത 25,52,506/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 മരുന്നിനും മെഡിക്കൽ ഉപകരണങ്ങൾക്കുമായി പണം നൽകിയെങ്കിലും ഇവ ലഭിച്ചില്ല

മരുന്നിനും മെഡിക്കൽ ഉപകരണങ്ങൾക്കുമായി മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) വിവിധ പ്രോജക്ടുകളിലായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് പണം നൽകിയിട്ടുണ്ട്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ നിബന്ധനയിൽ മരുന്നുവില ഉൾക്കൊള്ളുന്ന ഡ്രാഫ്റ്റ് ലഭിച്ചുകഴിഞ്ഞ് 15 ദിവസത്തിനുള്ളിൽ മരുന്നുകൾ ലഭ്യമാക്കുന്നതാണെന്ന് കാണിച്ചിരുന്നെങ്കിലും മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

a. <u>PHC യിലേക്ക് മരുന്നു വാങ്ങൽ S005/19</u>

പ്രോജക്ടിനായി ബിൽ നം. 2 /20-10-2018 പ്രകാരം 300000 രൂപ പിൻവലിച്ച് പ്രൊഫോർമ ഇൻവോയ്സ് No.PRF 1337 /22-9-2018 പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകി.

b. <u>പാലിയേറ്റീവ് പരിചരണ പദ്ധതി S004/19</u>

പ്രോജക്ടിനായി ചെക്ക് നം.0330489/21-1-2019 പ്രകാരം 43800/- രൂപ (ബ്ലോക്ക് വിഹിതം) പ്രൊഫോർമ ഇൻവോയ്സ് No.PRF 3104/7-12-2018 പ്രകാരം മരുന്നിനായും, ചെക്ക് നം.2047677 / 21-3-2019 പ്രകാരം 113286/- രൂപ (ബ്ലോക്ക് വിഹിതം) പ്രൊഫോർമ ഇൻവോയ്സ് No.PRF 5082 / 9-3-2019 പ്രകാരം മെഡിക്കൽ ഉപകരണങ്ങൾക്കുമായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകി. മരുന്നും മെഡിക്കൽ ഉപകരണങ്ങളും ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ മുകളിൽ കാണിച്ചിട്ടുള്ള പ്രോജക്ടുകൾ പ്രകാരമുള്ള 457086/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥയായി ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം (പ്രോജക്ട് നം-S0073/19) മരുന്ന് വാങ്ങുന്നതിനായി 2,50,000/-രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസിക്ക് മുൻകൂറായി നൽകിയിട്ടുണ്ട് (ബിൽ നം. 1/18-19, തീയതി 19.11.18.). 180323/-രൂപയുടെ മരുന്നുകൾ മാത്രമേ ഹോംകോയിൽ നിന്ന് ലഭിക്കുകയും വിതരണം നടത്തുകയും ചെയ്തിട്ടുള്ളൂ. ബാക്കി 69677/-രൂപക്കുള്ള മരുന്നുകൾ ലഭിക്കുവാനുണ്ട്. ബാക്കി ലഭിക്കുവാനുള്ള മരുന്നുകൾ നവംബർ 15, 2019 നകം ലഭ്യമാകുമെന്നാണ് മെഡിക്കൽ ഓഫീസർ ഓഡിറ്റ് എൻക്വയറി (നം-10/19.10.2019) ക്ക് മറുപടി നൽകിയിട്ടുള്ളത്. മരുന്നു ലഭ്യമാകാത്ത സാഹചര്യത്തിൽ 69677/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാകുന്ന മുറക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്കായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-21 നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽനിന്നും നിയമാനുസൃത പിഴ ഈടാക്കാത്തതു മൂലം അധികച്ചെലവ്

2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1 പ്രകാരം കരാർ പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ

പൂർത്തീകരിക്കാത്തപക്ഷം നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കുമുൻപ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ളപക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാകുന്നു. ഇത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അധികരിക്കാൻ പാടില്ല. ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി സമയം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഇത് ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിലും (കുറഞ്ഞത് 1,000/-രൂപ പരമാവധി 50,000/-രൂപ) രണ്ടാം തവണ പി.എ.സി യുടെ 2% നിരക്കിലും (കുറഞ്ഞത് 2,000/-രൂപ പരമാവധി 1,00,000/-രൂപ) പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടതാണ്. അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ /ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1% നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാരിൽനിന്നും നിയമാനുസൃത നിരക്കിലുള്ള പിഴ ഈടാക്കാതെ ഫൈനൽ ബിൽ തുക നൽകിയതുവഴി കരാറുകാരന് അധിക തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, കരാറുകാരൻ, പി.എ.സി. | കരാർ തീയതി, കാലാവധി, കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ | ചെലവ് വിവരം |
|---|---|---|---|---|---|
| 1 | പുലരി കാട്ടക്കട റോഡ് ടാറിംഗ് വാർഡ്-8 (84/19) ശ്രീ.വി.രാധാകൃഷ്ണൻ, പി.എ.സി- 190207/- പ്രവൃത്തിമൂല്യം- 188791/- | 7.8.18<br>120 ദിവസം<br>6.12.2018 | 14.03.2019 | 6657 (3.5%) | 41/18-19/ 26.3.19 |
| 2 | പുലരി കാട്ടക്കട റോഡ് ടാറിംഗ് വാർഡ്-6 (128/19) ശ്രീ.കെ.ബാലചന്ദ്രൻ, പി.എ.സി- 214452/- പ്രവൃത്തിമൂല്യം- 210415/- | 16.8.18<br>120 ദിവസം<br>15.12.2018 | 14.3.2019 | 7291 (3.4%) | 42/18-19/ 26.3.19 |
| 3 | പ്രണവം കരിഞ്ഞാട്ടുവെളി റോഡ് ടാറിംഗ് വാർഡ്-9 (86/19) ശ്രീ.വി.രാധാകൃഷ്ണൻ, പി.എ.സി- 398917/- പ്രവൃത്തിമൂല്യം- 386617/- | 3.9.18<br>120 ദിവസം<br>2.1.2019 | 14.3.2019 | 12366 (3.1%) | 44/18-19/ 26.3.19 |
| | ആകെ | | | 26314 | |

കരാറുകാരൻ പ്രവൃത്തി പൂർത്തീകരണ സമയം ദീർഘിപ്പിച്ച നൽകുന്നതിനായി നിയമപരമായി അപേക്ഷ നൽകുകയോ, ഉത്തരവാദപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ ആയത് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുകയോ, സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയോ ചെയ്തിട്ടില്ല. നിയമപരമായ നടപടിക്രമങ്ങൾ പാലിക്കാതെ കരാറുകാരെ പിഴയുടെ ബാധ്യതയിൽ നിന്നും ഒഴിവാക്കിയത് ക്രമവിരുദ്ധമാണ്. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13/24.10.18) നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ നിയമ പ്രകാരം ഈടാക്കേണ്ട പിഴ കരാറുകാരിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പിഴ ഇനത്തിൽ ഈടാക്കേണ്ട 26314/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-22 വാട്ടർ അതോറിറ്റിക്ക് കുടിവെള്ളകരം അടവാക്കൽ -യഥാസമയം തുക അടയ്ക്കാത്തതിനാൽ പിഴ ചുമത്തി

വാട്ടർ അതോറിറ്റിക്ക് കുടിവെള്ളകരം അടയ്ക്കുന്നതിനായി അംഗീകാരം ലഭിച്ച S044/19 എന്ന പ്രോജക്ടിനായി മെയിന്റനൻസ് ഫണ്ട് (നോൺറോഡ്) മൂന്ന് ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. പഞ്ചായത്തിലെ 113 ടാപ്പുകൾക്ക് പ്രതിമാസം 49438/- രൂപ വച്ചാണ് അടക്കേണ്ടത്. ഇതിനായി വിവിധ ബില്ലുകളിലായി 296628/- രൂപ പിൻവലിച്ച് KWA യ്ക്ക നൽകി. എന്നാൽ ജനവരിയിൽ അടക്കേണ്ട തുക ഫെബ്രുവരിയിലാണ് അടച്ചത്. തൻമൂലം 989/- രൂപ ഫൈൻ വന്നിട്ടുണ്ട്. ഈ തുക തുടർന്നുവരുന്ന ബില്ലുകളിൽ കുടിശ്ശികയായാണ് കാണുന്നത്. ഇതുസംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/19.10.2019) ജനവരി മാസത്തെ ബിൽ ട്രഷറിയിൽ സമർപ്പിച്ചിരുന്നെന്നും എന്നാൽ ഈ തുക വാട്ടർ അതോറിറ്റിയുടെ അക്കൌണ്ടിൽ ലഭ്യമാകാതിരുന്നതിനാലാണ് ഫൈൻ വന്നിട്ടുള്ളതെന്നും മറുപടി സമർപ്പിച്ചിട്ടുണ്ട്. ഫൈൻ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 NREGS വർക്കുകളുമായി ബന്ധപ്പെട്ട് മെറ്റീരിയൽസ് സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും GST ഈടാക്കിയില്ല

ജി.എസ്.റ്റി രജിസ്ട്രേഷനുള്ള കരാറുകാർ സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ മൂല്യം 2.5 ലക്ഷം രൂപയിൽ അധികമായാൽ 2% റ്റിഡിഎസ് ഇനത്തിൽ ഈടാക്കി ശേഷിച്ച തുക മാത്രമേ കരാറുകാരന് അനുവദിക്കേണ്ടതുള്ളൂ എന്ന് തൊഴിലുറപ്പുപദ്ധതി മിഷൻ ഡയറക്ടറുടെ 29.09.2018-ലെ 2026/ ഇ.ജി.എസ്.എഫ്/18/ആർ.ഇ.ജി.എസ്.എഫ് നം. സർക്കുലറിൽ വ്യക്തമാക്കി യിട്ടുണ്ട്. എന്നാൽ താഴെപറയുന്ന വർക്കുകളുടെ മെറ്റീരിയൽസ് സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും GST പിടിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1. ലൈഫ് മിഷൻ പ്രോജക്ടുപ്രകാരം നിർമ്മിക്കുന്ന വീടുകൾക്ക് സോളിഡ് ബ്ലോക്ക് നിർമ്മിക്കുന്നതിനായി 38 വർക്കുകൾക്ക് മോൾഡ്, സിമന്റ്, എം സാന്റ്, 6 mm മെറ്റൽ എന്നിവ സപ്ലൈ ചെയ്തതിന് ശ്രീ.പി.ജി.ഗോപിനാഥൻ എന്നയാൾക്ക് 10088640/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ കരാറുകാരനിൽ നിന്നും GST പിടിച്ചതായി കാണുന്നില്ല.

2. റോഡ് വർക്കുമായി ബന്ധപ്പെട്ട് 2018/19 – ൽ 37 വർക്കുകൾക്ക് ശ്രീ.ഷാജി.കെ.ടി. എന്നയാൾ ഗ്രാവൽ, മെറ്റൽ, ക്വാറി മക്ക് എന്നിവ സപ്ലൈ ചെയ്തതിന് 12644972/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ കരാറുകാരനിൽ നിന്നും GST പിടിച്ചതായി കാണുന്നില്ല.

നിയമപ്രകാരം 2% GST പിടിക്കേണ്ടതാണ്. GST പിടിച്ച് നിശ്ചിത ഹെഡിൽ അടച്ചതിന്റെ രേഖകൾ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

## 1-24 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2018-19 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

1. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.
2. കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്യു.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.
3. ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ട പ്രാഥമിക കരാർ ഭൂരിഭാഗം പ്രവൃത്തികളിലും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ബ്ലാങ്ക് മുദ്രപത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.
4. പി.ഡബ്യു.ഡി മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.
5. പ്രവൃത്തി പൂർത്തീകരിക്കാനുള്ള കാലയളവ് ടെണ്ടർ നോട്ടീസിലും സാങ്കേതികാനുമതി പത്രികയിലും വ്യത്യസ്തമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
6. ഭൂരിഭാഗം പ്രവൃത്തികളിലും പൂർത്തീകരണവുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/24.10.18) നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ

ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-25 തെരുവ് വിളക്കുകളുടെ പ്രവർത്തനം- പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തുകളിൽ തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ പൊതുജനങ്ങളിൽ നിന്നും മറ്റും സ്വീകരിക്കുന്നതിനും തുടർ നടപടികൾക്കുമായി നോഡൽ ഓഫീസറേയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതാണെന്ന് പഞ്ചായത്ത് ഡയറക്ടറുടെ 17.8.15 ലെ ജി2-44274/2015 നമ്പർ ഉത്തരവിൽ നിഷ്കർഷിക്കുന്നു. തെരുവ് വിളക്ക് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും നോഡൽ ഓഫീസർ ഇത് മെയിന്റനൻസ് ടീമിന് കൈമാറേണ്ടതും പരിഹരിച്ച പരാതികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ടി നടപടി ക്രമങ്ങൾ പാലിക്കപ്പെടുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ പ്രഥമ പരിഗണന അർഹിക്കുന്ന തെരുവ് വിളക്കുകളുടെ പരിപാലനത്തിന് മേൽ സംവിധാനം അത്യാവശ്യമാണ്. ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

# 1-26 പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ - സർക്കാർ ഉത്തരവ് പാലിക്കാതെ തുക ചെലവഴിക്കുന്നു

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ സുഗമവും സുതാര്യവുമായ നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് (3217/15/തസ്വഭവ.തീയതി.29.10.2015) പ്രകാരം പാലിയേറ്റീവ് പരിചരണ നോമിനൽ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്ന രോഗികളുടെ പേരുകൾ (മരണപ്പെട്ടവരും, ഒഴിവാക്കപ്പെട്ടവരും ഒഴികെ) അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വെബ് സൈറ്റിൽ മേൽപ്പറഞ്ഞ ഉത്തരവിന്റെ തീയതി (29.10.15) മുതൽ 60 ദിവസത്തിനകം പ്രദർശിപ്പിക്കണമെന്നും അല്ലാത്ത പക്ഷം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്ക് തുക വിനിയോഗിക്കാൻ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നാളിതുവരെ പാലിയേറ്റീവ് പരിചരണത്തിൽപ്പെട്ട രോഗികളുടെ പേരുകൾ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടില്ല. ആയതിനാൽ പാലിയേറ്റീവിനായി ചെലവഴിച്ച തുകയ്ക്ക് സാധുതയില്ലാതാകുന്നു. പാലിയേറ്റീവ് പരിചരണത്തിനായി തൻവർഷം ഗ്രാമപഞ്ചായത്ത് 499608/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവ് പാലിക്കാതെയുള്ള ചെലവിന് സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

# 1-27 തെരുവ് വിളക്ക് സ്ഥാപിക്കൽ & അറ്റകുറ്റപ്പണി - പദ്ധതി നടത്തിപ്പിൽ അപാകതകൾ

തെരുവ് വിളക്ക് സ്ഥാപിക്കൽ, അറ്റകുറ്റപ്പണി തുടങ്ങിയവയുമായി ബന്ധപ്പെട്ട് നടപ്പാക്കിയ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ അപാകത കാണുന്നു.

<u>തെരുവ് വിളക്ക് അറ്റകുറ്റപ്പണിക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ (പ്രോജക്ട് നം. S037/19 )</u>

ഈ പ്രോജക്ടിനായി ബിൽ നം. 44/19-3-19 പ്രകാരം 199982/- രൂപ പിൻവലിച്ച് വിവിധ തെരുവ് വിളക്ക് ഉപകരണങ്ങൾക്കായി എഡിസൺ ഇലക്ട്രോണിക്സിനു നൽകി. ഇവയ്ക്ക് ഒരു വർഷത്തെ വാറണ്ടിയാണ് എഡിസൺ ഇലക്ട്രോണിക്സ് നൽകിയിട്ടുള്ളത്. ഇവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം ഭൂരിഭാഗം ഉപകരണങ്ങളും നാളിതുവരെയും ഉപയോഗിച്ചിട്ടില്ല എന്നാണ് കാണുന്നത്. മാത്രമല്ല വളരെയധികം എണ്ണം ഉപകരണങ്ങൾ മുൻവർഷം ബാക്കിയുള്ളപ്പോളാണ് തൻവർഷം വീണ്ടും ഇവ വാങ്ങിയത്. തൻവർഷം ഇവ ശ്രീ.ജയേന്ദ്രൻ എന്നയാൾ കൈപ്പറ്റിയതായാണ്

സ്റ്റോക്ക് രജിസ്റ്ററിൽ കാണിച്ചിട്ടുള്ളത്. ഇദ്ദേഹം കൈപ്പറ്റിയ സാധനങ്ങൾ ഏതെല്ലാം സ്ഥലങ്ങളിൽ ഉപയോഗിച്ച എന്നതിന്റെ രേഖകൾ ഹാജരാക്കിയില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ഇനം | മുൻ ബാക്കി(എണ്ണം) | തൻവർഷം വാങ്ങിയത് എണ്ണം | ആകെ എണ്ണം | ഉപയോഗം എണ്ണം | ബാക്കി എണ്ണം |
|---|---|---|---|---|---|
| ഫ്ലൂറസന്റ് ട്യൂബ് | 60 | 510 | 570 | 330 | 240 |
| അലൂമിനിയം ബാലസ്റ്റ് | 180 | 108 | 288 | 53 | 235 |
| സ്റ്റാർട്ടർ | 432 | 500 | 932 | 240 | 692 |
| ഇൻസുലേഷൻ ടേപ്പ് | 15 | 100 | 115 | 39 | 76 |
| റോട്ടാർ ഹോൾഡർ | 480 | 500 | 980 | 96 | 884 |
| സിംഗിൾ ട്യൂബ് സെറ്റ് | 0 | 137 | 137 | 137 | 0 |
| അലൂമിനിയം വയർ coil | 3 | 10 | 13 | 6 | 7 |

ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/19.10.2019) തെരുവ് വിളക്ക് ഉപകരണങ്ങൾ ലഭിക്കുന്നതിന് കാലതാമസം വരുന്നതുകൊണ്ടാണ് ഇവ വാങ്ങി സൂക്ഷിച്ചിട്ടുള്ളതെന്നാണ് മറുപടി ലഭ്യമാക്കിയത്. ഇത് അംഗീകരിക്കുന്നില്ല. കാരണം ഇതുമൂലം സപ്ലൈയർ അനുവദിച്ച ഒരു വർഷ വാറണ്ടി നഷ്ടപ്പെടുന്നതിന് ഇടയാക്കുന്നുണ്ട്. പ്രസ്തുത ഉപകരണങ്ങളുടെ വാർഷിക സ്റ്റോക്ക് പരിശോധന പഞ്ചായത്ത് നിർവ്വഹിക്കുകയോ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം മിച്ചം കാണേണ്ടത്ര ഉപകരണങ്ങൾ യഥാർത്ഥത്തിൽ ഉണ്ടെന്ന് ഉറപ്പ് വരുത്തി സാക്ഷ്യപത്രം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. തെരുവ് വിളക്ക് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കേണ്ടതും സെക്രട്ടറി വാർഷിക പരിശോധന നടത്തി ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-28 പഞ്ചായത്ത് കമ്യൂണിറ്റി ഹാളിലേക്ക് ഉപകരണങ്ങൾ പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ

പഞ്ചായത്ത് കമ്യൂണിറ്റി ഹാളിലേക്ക് ഡസ്ക്, പാത്രങ്ങൾ എന്നിവ വാങ്ങുന്നതിനായി സെക്രട്ടറി നടപ്പാക്കിയ S041/19 നമ്പർ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

12-6-2018 – ൽ ചേർന്ന സ്റ്റിയറിംഗ് കമ്മറ്റി പഞ്ചായത്ത് കമ്യൂണിറ്റി ഹാളിലേക്ക് വട്ടചെമ്പ്, ബിരിയാണി ചെമ്പ്, വലിയ വാർപ്പ്, ഇടവാർപ്പ്, കുട്ടി വാർപ്പ്, ഉരുളി വലുത്, ചെറുത് ചട്ടുകങ്ങൾ തുടങ്ങിയ അടുക്കള ഉപകരണങ്ങൾ വാങ്ങാനാണ് തീരുമാനിച്ചത്. ഇവ വാങ്ങുന്നതിനായി പ്രോജക്ട് തയ്യാറാക്കുകയുണ്ടായി. തുടർന്ന് ഡെസ്ക് ഉൾപ്പെടെ മേൽ ഉപകരണങ്ങളുടെ സപ്ലൈ ആവശ്യപ്പെട്ട് ക്വട്ടേഷൻ ക്ഷണിക്കുകയുണ്ടായി. എന്നാൽ വാങ്ങിയത് 50 ഡെസ്കുകൾ മാത്രമാണ്. ഇവയുടെ വിലയായി @ 4850 വച്ച് കണ്ടത്തിച്ചിറയിൽ ട്രേഡ് ലിംഗ്സ് എന്ന സ്ഥാപനത്തിന് 37/12-3-19 നം. ബിൽ പ്രകാരം 242500/- രൂപ നൽകി. ഡെസ്കുകൾ കമ്മ്യൂണിറ്റി ഹാളിലേക്ക് നൽകിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. പകരം പഞ്ചായത്ത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത വിവരം ലഭ്യമാക്കുക മാത്രമാണ് ചെയ്തത്. ഈ സ്റ്റോക്ക് രജിസ്റ്ററിലാകട്ടെ 2018/19 മുതലുള്ള സാധനങ്ങളുടെ വിവരം മാത്രമാണ് ചേർത്തിട്ടുള്ളത്. കമ്മ്യൂണിറ്റി ഹാളിൽ നിലവിൽ എന്തെല്ലാം സാധനങ്ങളാണുള്ളത് എന്നും ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കണമെന്നും കാണിച്ച്

ഓഡിറ്റ് എൻക്വയറി (8/19.10.19) നൽകിയതിന് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലെന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. നാളിതുവരെ കമ്യൂണിറ്റി ഹാളിനുവേണ്ടി വാങ്ങിയിട്ടുള്ള സാധനങ്ങൾ മുഴുവനായി ചേർത്ത് സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കേണ്ടതാണ്.

# 1-29 ജനകീയ ജൈവ ഹരിത സമൃദ്ധി പദ്ധതി - നടീൽ വസ്തുക്കളുടെ വിതരണ വിവരം കൃത്യമല്ല

പ്രോജക്ട് നം - S0011/19

പ്രോജക്ടിന്റെ പേര് - കഞ്ഞിക്കുഴി ജനകീയ ജൈവ ഹരിത സമൃദ്ധി പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

വികസനഫണ്ട് - 1230000/-

മികച്ച തദ്ദേശഭരണസ്ഥാപനമായി തെരഞ്ഞെടുക്കപ്പെട്ടതിന് ലഭിച്ച പ്രോത്സാഹന ധനസഹായം -300000/-

ഗുണഭോക്തൃവിഹിതം(സ്ഥാപനത്തിൽ അടയ്ക്കുന്നത്) - 270000/-

ആകെ അടങ്കൽ - 1800000/-

<u>ചെലവ് വിവരം</u> -

1) ബിൽ നം.6/18-19/12.3.19 തുക. 720000/-

2) ബിൽ നം.76/18-19/12.3.19 തുക. 510000/-

3) ചെക്ക് നം.024772/14.2.19 തുക.300000/-
4) ചെക്ക് നം.024791/26.2.19 തുക. 170000/-

5) ചെക്ക് നം.024792/26.2.19 തുക. 100000/-

പദ്ധതി രൂപീകരണ ഫോറം പ്രകാരം പച്ചക്കറി തൈകൾ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് / കുടുംബശ്രീ സംവിധാനത്തിൽ നിന്ന് വാങ്ങി വിതരണം ചെയ്യുന്നു. പച്ചക്കറി കൃഷി ചെയ്യുന്നതിന് പച്ചക്കറി തൈകൾ സൌജന്യമായും ജൈവവളം സബ്സിഡി നിരക്കിലും വിതരണം ചെയ്യുന്നതാണ് പദ്ധതി ലക്ഷ്യം. ജൈവവളം ഇക്കോ ഷോപ്പിൽ നിന്നും വാങ്ങുന്നു.

1) 18 തൈ ഉൽപാദനയൂണിറ്റിൽ നിന്നും 327276 പച്ചക്കറിതൈകൾ തൈ ഒന്നിന് 2 രൂപ 20 പൈസ നിരക്കിൽ 720000/-രൂപ ചെലവഴിച്ച് വാങ്ങി.

2)കഞ്ഞിക്കുഴി കാർഷിക കർമ്മസേന ജൈവവിപണനകേന്ദ്രത്തിൽ നിന്നും കോഴിവളം വാങ്ങിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| രശീതി നം | തീയതി | അളവ് | നിരക്ക് | തുക |
|---|---|---|---|---|
| 421 | 6.2.19 | 6800 പായ്ക്കറ്റ് | 100 | 680000/- |
| 422 | 6.2.19 | 4000 പായ്ക്കറ്റ് | 100 | 400000/- |
| ആകെ | | 10800 പായ്ക്കറ്റ് | | 1080000 |

പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) 18 വാർഡുകളിലെയും വിതരണ സ്റ്റേറ്റ്മെന്റിൽ വിതരണവിവരം പൂർണ്ണമല്ല.

2) ഒരു വാർഡിലും ആകെ വിതരണം ചെയ്ത പച്ചക്കറിതൈയുടേയും കോഴിവളത്തിന്റെയും അളവ് രേഖപ്പെടുത്തിയിട്ടില്ല.

4) മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/28.10.19), ഓരോ വാർഡിലും 600 ചാക്ക് കോഴിവളം വീതം വിതരണം ചെയ്തെന്ന് കൃഷി ഓഫീസർ മറുപടി ലഭ്യമാക്കി. എന്നാൽ വാർഡ് 1 ന്റെ വിതരണ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ആകെ 49 ചാക്ക് വളം മാത്രമാണ് ഗുണഭോക്താക്കൾ കൈപ്പറ്റിയിട്ടുള്ളത്. ആയതിൽ നിന്നും വിതരണം സുതാര്യമല്ല എന്ന് വ്യക്തമാണ്. വിതരണവിവരം കൃത്യമല്ലാത്തതിനാലും മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കാത്തതിനാലും ചെലവ് തുക 1800000/-രൂപ തടസ്സപ്പെടുത്തുന്നു.

# 1-30 പഞ്ഞപ്പുൽകൃഷി - വിത്ത് വിതരണം കൃത്യമല്ല

പ്രോജക്ട് നം - S0124/19

പ്രോജക്ടിന്റെ പേര് - പഞ്ഞപ്പുൽകൃഷി

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

തനത് ഫണ്ട് - 50000

ചെലവ് വിവരം - 1)ചെക്ക് നം.0330483/17.12.18 തുക. 49998/-

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ വീടുകളിലേയും തെങ്ങിൻ ചുവടുകൾ വൃത്തിയാക്കി ആ തെങ്ങിൻ ചുവട്ടിൽ പഞ്ഞപ്പുല്ല് പാകി കൃഷി ചെയ്യുകയാണ് പ്രോജക്ടിന്റെ ലക്ഷ്യം. KAICO യുടെ 03.11.18 ലെ AMB/82/18-19 നം. ഇൻവോയ്സ് പ്രകാരം 795 kg. റാഗിവിത്ത് 49998/- രൂപയ്ക്ക് ലഭ്യമാക്കി .

പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) കൃഷി ഓഫീസറുടെ വിതരണ രജിസ്റ്റർ പ്രകാരം, 18 ADS സെക്രട്ടറിമാർക്ക് പഞ്ഞപ്പുല്ല് വിത്ത് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓരോരുത്തരും എത്ര കിലോ വീതം കൈപ്പറ്റി എന്ന വിവരം ഇല്ല.

2) KAICO യുടെ ഇൻവോയ്സ് പ്രകാരം, 795 കിലോഗ്രാം റാഗിവിത്ത് ലഭ്യമാക്കി. എന്നാൽ കൃഷി ഓഫീസറുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം എത്ര കിലോഗ്രാം ലഭ്യമായെന്നോ വിതരണം ചെയ്തെന്നോ രേഖപ്പെടുത്തിയിട്ടില്ല.

3) വിവിധ വാർഡുകളിലായി ഗുണഭോക്താക്കളുടെ പേരെഴുതി ഒപ്പ് രേഖപ്പെടുത്തിയ വിതരണ സ്റ്റേറ്റ്മെന്റ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ആയതിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

a) ചില വാർഡുകളിൽ ഗുണഭോക്താക്കളുടെ പേരിനു നേരെ 100, 200, 20, 30, 10 എന്നിങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. ഗ്രാമെന്നോ കിലോഗ്രാമെന്നോ ഇല്ല.

b) ചില വാർഡുകളിൽ ഗുണഭോക്താക്കളുടെ പേരിനു നേരെ 1കിലോ, 2 കിലോ എന്നിങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

c) ചില വാർഡുകളിൽ ഗുണഭോക്താക്കളുടെ പേരും ഒപ്പും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

d) ഒരു വാർഡിലേയും ആകെ വിതരണം ചെയ്ത റാഗിവിത്തിന്റെ അളവ് ലഭ്യമല്ല.

e) ഒരു ഗുണഭോക്താവിന്റെയും കൃഷി ചെയ്യുന്നതിനാവശ്യമായ സ്ഥലത്തിന്റെ വിവരം സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

4) അംഗീകരിച്ച പ്രോജക്ട് പ്രകാരം, പഞ്ഞപ്പുൽകൃഷിയുടെ നിർവ്വഹണം മോണിട്ടറിംഗിന് വിധേയമാക്കേണ്ടതുണ്ട്. എന്നാൽ മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/24.10.19), മേലിൽ ഇത്തരത്തിലുള്ള പോരായ്മകൾ വരാതെ ശ്രദ്ധിച്ച് നിർവ്വഹണം നടത്തുന്നതാണെന്ന് കൃഷി ഓഫീസർ മറുപടി ലഭ്യമാക്കി. 795 കിലോഗ്രാം റാഗിവിത്തിന്റെ വിതരണവിവരം കൃത്യമല്ലാത്ത സാഹചര്യത്തിൽ ചെലവ് തുക 49998/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-31 നാളികേര കൃഷി വികസനം - രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. - S0012/19

പ്രോജക്ടിന്റെ പേര് - നാളികേര കൃഷി വികസനം

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

വികസനഫണ്ട് - 100000/-

മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്ന്(ജില്ലാ പഞ്ചായത്ത്) - 100000/-

ഗുണഭോക്തൃ വിഹിതം(നേരിട്ട് ചെലവഴിക്കുന്നത്) - 200000/-

ആകെ അടങ്കൽ - 400000/-

ചെലവ് വിവരം - 1) ബിൽ നം.14/18-19/18.3.19 തുക. 100000/-

2) ചെക്ക് നം.2047667/2.3.19 തുക. 100000/-

കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ കേര കർഷകരെ പ്രോത്സാഹിപ്പിക്കുകയും അതിലൂടെ കേരകൃഷി വികസനവുമാണ് ലക്ഷ്യം. തെങ്ങ് കൃഷി ഉള്ള സ്ഥലങ്ങളിൽ CDS/കർഷക ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ കാർഷിക കർമ്മസേനയുടെ സഹായത്തോടെ തെങ്ങുകൾ വൃത്തിയാക്കി മരുന്ന് തളിയ്ക്കുന്നതിന് ഒരു തെങ്ങിന് 60/- രൂപ നിരക്ക് നിശ്ചയിച്ച് അതിന്റെ പകുതി 30/- രൂപ സബ്സിഡി നൽകുകയും പഞ്ചായത്തിലെ 18 വാർഡുകളിലും പദ്ധതി നടപ്പിലാക്കുകയും ചെയ്യുകയാണ് പ്രോജക്ടിന്റെ ലക്ഷ്യം.

18 വാർഡുകളിലായി 6666 തെങ്ങുകൾക്ക് മരുന്ന് തളിച്ചതിന് ആനുകൂല്യം നൽകി.

പദ്ധതി നടത്തിപ്പിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) 6 വാർഡുകളിൽ നിന്ന് മാത്രമാണ് മരുന്ന് വാങ്ങിയതിന്റെ ബില്ലുകൾ ഹാജരാക്കിയിട്ടുള്ളത്. 12 വാർഡുകളിൽ നിന്നും ബില്ലുകൾ ഹാജരാക്കിയിട്ടില്ല.

2) മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/28.10.19), മേലിൽ ഇത്തരത്തിലുള്ള പിഴവുകൾ വരാതെ ശ്രദ്ധിച്ച് നിർവ്വഹണം നടത്തുന്നതാണെന്ന് കൃഷി ഓഫീസർ മറുപടി ലഭ്യമാക്കി. രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക 200000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-32 പൂകൃഷിയ്ക്ക് സഹായം - വിതരണം സുതാര്യമല്ല

പ്രോജക്ട് നം. - S0059/19

പ്രോജക്ടിന്റെ പേര് - പൂകൃഷിയ്ക്ക് സഹായം

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

വികസനഫണ്ട് - 50000

ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) - 16667

ആകെ അടങ്കൽ - 66667

ചെലവ് വിവരം -
1) ബിൽ നം.8/18-19/14.2.19 തുക. 22185/-
2) ചെക്ക് നം.024793/26.2.19 തുക. 7515/-

പൂ കൃഷി ചെയ്യാൻ താൽപര്യമുള്ള കർഷകർക്ക് നടീൽ വസ്തുക്കൾ വിതരണം ചെയ്യുകയാണ് പ്രോജക്ടിന്റെ ലക്ഷ്യം. VFPCK Krishi Business Kendra, എറണാകുളത്തിന്റെ 24.1.19 ലെ EKM/KBK/18-19/207 നം. ഇൻവോയ്സ് പ്രകാരം, 1485 കുറ്റിമുല്ലതൈകൾ 20/- രൂപ നിരക്കിൽ 29700/-രൂപ ചെലവഴിച്ച് വാങ്ങി ലഭ്യമാക്കി.

പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) കൃഷി ഓഫീസറുടെ വിതരണ രജിസ്റ്റർ പ്രകാരം, ഗുണഭോക്താക്കൾക്ക് കുറ്റിമുല്ല തൈകൾ വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓരോരുത്തരും എത്ര വീതം കൈപ്പറ്റി എന്ന വിവരം ഇല്ല. വിവിധ വാർഡുകളിലായി ഗുണഭോക്താക്കളുടെ പേരെഴുതി ഒപ്പ് രേഖപ്പെടുത്തിയ വിതരണ സ്റ്റേറ്റ്മെന്റ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

2) ഒരു വാർഡിലേയും ആകെ വിതരണം ചെയ്ത കുറ്റിമുല്ലയുടെ എണ്ണം ലഭ്യമല്ല.

3) മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/28.10.19), ആദ്യമായി നിർവ്വഹണം നടത്തുന്നതുമൂലവും അധിക ജോലിഭാരവും നിമിത്തമാണ് മേൽ അപാകതകൾ സംഭവിച്ചതെന്നും മേലിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിച്ച് നിർവ്വഹണം നടത്തുന്നതാണെന്നും കൃഷി ഓഫീസർ മറുപടി ലഭ്യമാക്കി. സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ, വിതരണ സ്റ്റേറ്റ്മെന്റ് എന്നിവയുടെ സുതാര്യത ഉറപ്പ് വരുത്താത്ത സാഹചര്യത്തിൽ ചെലവ് തുക 29700/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-33 പൊതുമരാമത്ത് പ്രവൃത്തികൾ- ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുള്ള തുകകൾ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ അടയ്ക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ കരാറുകാർ മുഖേന നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നുള്ള ബിറ്റുമിൻ ബാരൽ വില അസിസ്റ്റന്റ് എഞ്ചിനീയർ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ടി.എസ്.ബി അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല. ടി ഇനത്തിലുള്ള തുകകൾ (ജി.എസ്.ടി ഒഴികെ) ഏതു ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്ക് തന്നെ തിരിച്ചടയ്ക്കേണ്ടതാണ്. ആയതിനാൽ ടി ഇനത്തിൽ ലഭിച്ച തുക കണക്കാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-34 ഹരിത കർമ്മസേന വയബിലിറ്റി ഗ്യാപ് ഫണ്ട് (പ്രോജക്ട് നം. S054/19)ആവശ്യമായ

# മുന്നൊരുക്കങ്ങളില്ലാതെ പ്രോജക്ട് ആരംഭിച്ചു

പ്രോജക്റ്റ് ഫയലിൽ ഒരു വാർഡിൽ നിന്നും 2 പേർ വീതം 18 വാർഡിൽനിന്നായി 36 പേരെ ഹരിത കർമ്മസേനയിൽ ഉൾപ്പെടുത്തിയതായി കാണുന്നു. താഴെ പറയുന്ന ബില്ലുകൾ പ്രകാരം ഇവരിൽ 26 പേർക്ക് 15,000/- രൂപയും, ഒരാൾക്ക് 10,000/- രൂപയും വിതരണം ചെയ്തു. എന്നാൽ ഇവർ ചെയ്ത പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിച്ചിട്ടില്ല.

| ക്രമ നം. | ബിൽ നം.തീയതി | തുക |
|---|---|---|
| 1 | 61/15-3-2019 | 20000 |
| 2 | 52/ 15-3-2019 | 90000 |
| 3 | 63 /15-3-2019 | 40000 |
| 4 | 65 /27-3-2019 | 70000 |
| 5 | 68 /27-3-2019 | 33000 |
| 6 | 69/ 27-3-2019 | 77000 |
| 7 | 70 / 27-3-2019 | 70000 |
| | ആകെ | 400000 |

എന്നാൽ ചെലവ് പത്രികയിൽ ഈ പ്രോജക്റ്റിന്റെ ആകെ ചെലവ് 220000/- രൂപ മാത്രമേ കാണിച്ചിട്ടുള്ളു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ.(സാധാ)1391/18 തീയതി 19-5-2018 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട ഹരിത കർമ്മസേനയ്ക്ക് ഫലപ്രദമായി പ്രവർത്തിക്കുവാൻ കഴിയും വിധം യൂസർഫീ ലഭിച്ചു തുടങ്ങാൻ കാലതാമസമുള്ളതിനാൽ പ്രാഥമിക ചെലവുകൾ വഹിക്കുന്നതിനായി വയബിലിറ്റി ഗ്യാപ് ഫണ്ട് നീക്കിവയ്ക്കേണ്ടതാണെന്നു പറയുന്നു. ഈ ചെലവുകൾ ഹരിത കർമ്മസേനയുടെ പ്രവർത്തന ചെലവുകൾ, ഹരിത സഹായ സ്ഥാപനത്തിനായുള്ള ഫീസ്, പൊതു സംവിധാനം ഒരുക്കുന്നതിനുള്ള മൂലധന-ആവർത്തന ചെലവുകൾ തുടങ്ങിയവയ്ക്കാവണം. എന്നാൽ വകയിരുത്തിയ നാല് ലക്ഷം രൂപയും ഹരിത കർമ്മസേന അംഗങ്ങൾക്ക് പ്രതിഫലം നൽകുന്നതിനാണ് വിനിയോഗിച്ചത്. മറ്റ് പ്രവർത്തനങ്ങൾ നടത്തിയതായി രേഖകൾ ഹാജരാക്കിയിട്ടില്ല.

അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് വീടുകളിൽ നിന്നും 30 രൂപയും, സ്ഥാപനങ്ങളിൽനിന്നും 100 രൂപയും കളക്ട് ചെയ്യുന്നതിനും തീരുമാനിച്ചതായി ഫയലിൽ കാണുന്നു. മുകളിൽ പറഞ്ഞിട്ടുള്ള ഹരിത കർമ്മസേനാംഗങ്ങൾ യൂസർഫീ കളക്ട് ചെയ്യുന്നതിനായി രസീതുകൾ പ്രിന്റ് ചെയ്തു നൽകിയിട്ടുണ്ടെങ്കിലും വളരെ തുച്ഛമായ സംഖ്യ മാത്രമാണ് പിരിച്ചിട്ടുള്ളത്. മാത്രമല്ല ആവശ്യമായ മുന്നൊരുക്കങ്ങളില്ലാതെ ഹരിത കർമ്മസേനയുടെ തെരഞ്ഞെടുപ്പും മറ്റും നടത്തിയതായാണ് കാണുന്നത്. അതുകൊണ്ടുതന്നെ കളക്ട് ചെയ്ത പ്ലാസ്റ്റിക്, പഞ്ചായത്തിന് ഒരു ബാധ്യതയായി മാറിക്കൊണ്ടിരിക്കുകയാണ്. ഹരിത കർമ്മസേനയുടെ മീറ്റിംഗുകൾ കൂടുന്നതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ടെങ്കിലും അതിന്റെ മിനിറ്റ്സ് എഴുതി സൂക്ഷിക്കുന്നില്ല. ഹരിത കർമ്മസേനയുടെ മീറ്റിംഗുകൾ യഥാസമയം കൂടി നിലവിൽ നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാമെന്ന് ചർച്ചചെയ്ത് ഫലപ്രദമായ രീതിയിൽ ഈ സംരംഭം മുന്നോട്ട് കൊണ്ടുപോകേണ്ടതാണ്.

# 1-35 അംഗൻ വാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ

കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

കെട്ടിടം -കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് പരിധിയിൽ 30 അംഗൻവാടികൾ പ്രവർത്തിയ്ക്കുന്നു. അതിൽ 24 എണ്ണം സ്വന്തം കെട്ടിടത്തിലും 6 എണ്ണം വാടകകെട്ടിടത്തിലുമാണ് പ്രവർത്തിയ്ക്കുന്നത്.

കുടിവെള്ളം- 30 അംഗൻവാടികൾക്കും കുടിവെള്ള സൌകര്യം ഓരോ തരത്തിൽ ലഭ്യമാണ്. ഇതിൽ 19 അംഗൻവാടികൾക്ക് ജപ്പാൻ കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.

ടോയ്‌ലെറ്റ്- 30 അംഗൻവാടികൾക്കും ബേബി ഫ്രണ്ട് ലി ടോയ്‌ലെറ്റ് സൌകര്യം ഇല്ല. ഇപ്പോൾ 15 അംഗൻവാടികൾക്ക് ബേബി ഫ്രണ്ട് ലി ടോയ്‌ലെറ്റ് പണിയുന്നതിന് പഞ്ചായത്ത് അർബൻ മിഷനിൽ ഉൾപ്പെടുത്തി ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

വൈദ്യുതി- 30 അങ്കണവാടി കെട്ടിടങ്ങളിലും വൈദ്യുതി കണക്ഷൻ ഉണ്ട്.

ചുറ്റുമതിൽ- 16 അങ്കണവാടികൾക്ക് ചുറ്റുമതിൽ ഉണ്ട്. ബാക്കിയുള്ളവ വേലി കെട്ടി സംരക്ഷിച്ചിട്ടുണ്ട്.

ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യം- എല്ലാ അങ്കണവാടികൾക്കും ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സംഭരണപ്പെട്ടിയുണ്ട്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ്- അംഗൻവാടികൾ പ്രവർത്തിയ്ക്കുന്ന കെട്ടിടം നിലവിൽ സുരക്ഷിതമാണോ എന്ന് പരിശോധിച്ച് നൽകുന്ന ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് 2018-19 വർഷം എല്ലാ അംഗൻവാടികൾക്കും ലഭിച്ചിട്ടുണ്ട്.

പ്രവേശനോത്സവം - എല്ലാ വർഷവും ജൂൺ ഒന്നിനും നവംബർ ഒന്നിനും (രണ്ട് തവണ) അംഗൻവാടികളിൽ ആഘോഷപൂർവ്വം പ്രവേശനോത്സവം നടത്താറുണ്ട്.

ക്ഷേമകാര്യസ്റ്റാൻറിംഗ് കമ്മിറ്റി 30 അംഗൻവാടികളും സന്ദർശനം നടത്തി 19 സ്വന്തം കെട്ടിടമുള്ള അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ, 15 അംഗൻവാടികൾക്ക് ബേബി ഫ്രണ്ട് ലി ടോയ്‌ലെറ്റ് എന്നിവ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അംഗൻവാടികളുടെ പ്രവർത്തനം തൃപ്തികരമെങ്കിലും 6 എണ്ണത്തിന് സ്വന്തമായി കെട്ടിടം ഇല്ലാത്തതും, ചുറ്റുമതിൽ, തുടങ്ങിയ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും ഗൗരവമേറിയ വിഷയമാണ്. അംഗൻവാടി കെട്ടിടങ്ങളുടെ സംരക്ഷണത്തിന് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം.31055/ഡി.സി.2/2011/ ത.സ്വ.ഭ.വ/22.03.2011-ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് (എസ്.സി) പഠനമുറിക്ക് ആവശ്യമായ കമ്പ്യൂട്ടർ നൽകൽ - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ ചെലവ്

പ്രോജക്ട് നം. - S0145/19(സ്പിൽ ഓവർ)

പ്രോജക്ടിന്റെ പേര് -ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് (എസ്.സി) പഠനമുറിക്ക് ആവശ്യമായ കമ്പ്യൂട്ടർ നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി

വികസനഫണ്ട്(എസ്.സി.പി) - 27000

ചെലവ് വിവരം - 1) ബിൽ നം. 3/31.5.18 തുക. 27000/-

ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ വാങ്ങൽ എന്ന പദ്ധതിയ്ക്കായി Alfanet Systems സമർപ്പിച്ച ക്വട്ടേഷൻ 9.3.18 ലെ II(4) നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ACER കമ്പ്യൂട്ടറിന് ടാക്സടക്കം നിശ്ചയിച്ച വിലയായ 27000/-രൂപയ്ക്ക് ഒരു കമ്പ്യൂട്ടർ വാങ്ങി രാജു, ബംഗ്ളാന്തറ എന്ന ഗുണഭോക്താവിന്റെ ഒൻപതാം ക്ലാസ്സിൽ പഠിക്കുന്ന മകൾക്ക് നൽകി. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 22/2018 ത.സ്വ.ഭ.വ 14.2.18, 7.2.8 പ്രകാരം, ബിരുദം, ബിരുദാനന്തരബിരുദം, പോളിടെക്നിക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തരബിരുദം) എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/ സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് (സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കണം) 30000/- രൂപയിൽ അധികരിക്കാത്ത വിലയുള്ള ലാപ്ടോപ്/ കമ്പ്യൂട്ടറുകൾ ഗ്രാമ/നഗര/ഭരണ സ്ഥാപനങ്ങൾക്ക് വാങ്ങി നൽകാവുന്നതാണ്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം, ഹൈസ്കൂൾ വിദ്യാർത്ഥിക്കാണ് ഈ ആനുകൂല്യം നൽകിയത്. ഇത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/26.10.19), 2017-18 വർഷം, പഠനമുറി അനുവദിച്ച എസ്.സി.വിഭാഗത്തിൽപ്പെട്ട കുട്ടിയ്ക്കാണ് ആനുകൂല്യം നൽകിയത് എന്ന് മറുപടി ലഭ്യമാക്കി. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കിയതിലൂടെ ചെലവഴിച്ച 27000/- രൂപ അനുവദനീയമല്ല. തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ്

# നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നം./ തീയതി | പരാമർശം |
|---|---|---|
| 2018-19 | കെ.എസ്.എ-എ.എൽ.പി./പി.11/499/18.6.19 | വിശേഷണങ്ങളോടു കൂടിയത്. |

പ്രസ്തുത സാക്ഷ്യപത്രത്തിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

## 4-2. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 2728246 | ലൈഫ് | 2728246 | - |
| | | 246000 | സ്കോളർഷിപ്പ് | 246000 | - |
| | | 500000 | കൃഷി- കൂലിചെലവ് | 500000 | - |
| | | 800000 | മിൽക്ക് ഇൻസെന്റീവ് | 800000 | - |
| | | 250000 | പാലിയേറ്റീവ് കെയർ | 249608 | 392 |
| | | 324409 | നെൽകൃഷി | 324409 | - |
| | | 3300000 | പൊതുശ്മശാനം | 1904329 | 1395671 |
| | | 500000 | വൈദ്യുതിലൈൻ | 500000 | - |
| | | 90000 | ആശ്രയ | -- | 90000 |
| | | 400000 | പഠനമുറി | 82404 | 317596 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | ന്യൂട്രീഷൻ | 100000 | - |
| | | 246000 | സ്കോളർഷിപ്പ് | 246000 | - |
| | | 400000 | മിൽക്ക് ഇൻസെന്റീവ് | 400000 | - |
| | | 4019164 | ലൈഫ് | 4019164 | - |
| | | 1500000 | ബഡ്സ് സ്കൂൾ | 556367 | 943633 |
| | | 629003 | വൈദ്യുതിലൈൻ | 629003 | - |
| | | 1200000 | ആശ്രയ | 0 | 1200000 |
| | | 100000 | നാളികേര വികസനം | 100000 | |

## 4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | ലൈൻ എക്സ്റ്റൻഷൻ- ജനറൽ | 28/28.12.18 | 2231506 | 0 | 2231506 |
| വാട്ടർ അതോറിറ്റി | അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ | 18/30.10.18 | 321000 | 0 | 321000 |

തൻവർഷം വരെ വിവിധ വർക്കുകൾക്കായ കെ.എസ്.ഇ.ബി.യിൽ ഡെപ്പോസിറ്റ് ചെയ്തതിൽ 6198976/-രൂപ ചെലവഴിക്കാതെ ശേഷിക്കുന്നതായി 2018-19 ബാലൻസ് ഷീറ്റ് B-18 പ്രകാരം കാണുന്നു. വർക്കു

പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 57380000/- വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 221/2010/തസ്വഭവ/21.1.10 | 13575000 | 613414 | 613414 | - | -- |
| ലൈഫ് ഭവന പദ്ധതി | 68/2018/ എൽ.എസ്.ജി.ഡി/18.5.18 | 57380000 | -- | -- | -- | 57380000 |

## 4-6. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1326693 |
| തൻവർഷം ലഭിച്ച പലിശ | 59210 |
| ആകെ | 1385903 |
| പിൻവലിച്ച തുക | -- |
| നീക്കിയിരുപ്പ് | 1385903<br>(സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് സർട്ടിഫിക്കറ്റ് നം.18194) |

## 4-7. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 24000/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2017-18 | 3-9 | 10000 | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 118040104421/14.3.19 |
| 2017-18 | 3-9 | 10000 | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 118040103961/25.2.19 |
| 2017-18 | ഓഡിറ്റ് എൻക്വയറി | 4000 | സി.കെ.ശശീന്ദ്രൻ (ഡി& ഒ) | 118040102188/25.10.18 |

## 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | | 2009-10 | 3-8-6 | ഖരമാലിന്യ നിർമ്മാർജ്ജനം | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2015-16 | 2(1) | 2016-17 | 2-2 | തൊഴിൽ നികുതി | ഈടാക്കി വിവരം അറിയിച്ചിട്ടുള്ളതാണ്. |

## 4-9. ചാർജ് / സർചാർജ് നടപടികളുടെ വിവരം

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആൾ | സർചാർജ് സർട്ടിഫിക്കറ്റ് വിവരം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| 1 | 2006-07 | 3-18<br>3-20 | 50600 | ഡോ.ജിജിഭായി, വെറ്ററിനറി സർജൻ | എൽ.എഫ്. 24907/spl.cell/C.Sc/B3/12/6.6.14 | ലഭിച്ചിട്ടില്ല |

## 4-10. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 158855462 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 140429471 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 27000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5158967 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-17/3-1 | | 27000 | ശ്രീമതി.കെ.ജയകല, അസി.സെക്രട്ടറി |
| **ആകെ** | | **27000** | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 2552506 | ശ്രീ.ബി.എൻ.അംബീശൻ, സെക്രട്ടറി |
| 1-19 | 457086 | ഡോ.സജില.എസ്.പിള്ള, മെഡി.ഓഫീസർ, പി.എച്ച്.സി |
| 1-20 | 69677 | ഡോ.ഷീബാറാണി, മെഡി.ഓഫീസർ, ഹോമിയോ |
| 1-29 | 1800000 | ശ്രീമതി.ആൻസി.എസ്, കൃഷി ഓഫീസർ |
| 1-30 | 49998 | ശ്രീമതി.ആൻസി.എസ്, കൃഷി ഓഫീസർ |
| 1-31 | 200000 | ശ്രീമതി.ആൻസി.എസ്, കൃഷി ഓഫീസർ |
| 1-32 | 29700 | ശ്രീമതി.ആൻസി.എസ്, കൃഷി ഓഫീസർ |
| ആകെ | **5158967** | |

**(സി)** <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഖ- 1-23

**(ഡി)** <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

**<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ഓഡിറ്റ് തടസ്സങ്ങൾക്ക് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബി.എൻ.അംബീശൻ, സെക്രട്ടറി | വിരമിച്ചു | ബംഗ്ലാവ് പറമ്പിൽ, ആറാട്ടുവഴി, ആലപ്പുഴ |
| ഡോ.സജില.എസ്.പിള്ള, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡി.ഓഫീസർ, പി.എച്ച്.സി, കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത് | ശിവം, ചാരമംഗലം, മുഹമ്മ.പി.ഒ |
| ഡോ.ഷീബാറാണി, മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡി.ഓഫീസർ, ഹോമിയോ, കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത് | ലക്ഷ്മി നിവാസ്, പച്ചല്ലൂർ.പി.ഒ, തിരുവനന്തപുരം |
| ശ്രീമതി.ആൻസി.എസ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത് | അറയ്ക്കൽ ഹൗസ്, ചെട്ടിക്കാട്, പാതിരപ്പള്ളി.പി.ഒ, ആലപ്പുഴ |
| ശ്രീമതി.കെ.ജയകല, അസി.സെക്രട്ടറി | -- | ശിവം, എസ്.എൽ.പുരം. പി.ഒ, മുഹമ്മ |

## 4-11. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ5-1832/2011/12.2.12 |
| 2006-07 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ5-1577/2013/12.5.14 |
| 2010-11, 2011-12 | എൽ.എഫ്.എ.പി3-48/2013/7.2.13/10.4.13 |
| 2012-13 | എൽ.എഫ്.എ.പി11-79/2015/26.3.15/5.5.15 |
| 2013-14 | എൽ.എഫ്.എ.പി.ഇസെഡ്.പി11-678/2015/ |
| 2014-15 | കെ.എസ്.എ.എൽ.പി-പി11/550/2016/31.5.16 |
| 2015-16 | കെ.എസ്.എ.എൽ.പി-പി11/564/2016/6.1.17 |
| 2016-17 | കെ.എസ്.എ.എൽ.പി-പി11/1048/2017/ |
| 2017-18 | കെ.എസ്.എ.എൽ.പി-പി11/1552/2018/5.1.19 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം.1

കെ.എസ്.എ-എ.എൽ.പി./പി11-499/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ-688011,

ഫോൺ: 0477 2252753

email: ddhglfalpy@gmail.com

**തീയതി: 18.06.2019**

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം.2

<table>
<tr><td>1</td><td>റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്</td><td rowspan="3">സംക്ഷിപ്തം (Audited Abstract)</td></tr>
<tr><td>2</td><td>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്</td></tr>
<tr><td>3</td><td>ബാലൻസ് ഷീറ്റ്</td></tr>
</table>

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ